KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.98/PR/PIC/PHQ/18 Date : 19.04.2018

## പോലീസ് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേര്‍ന്നു

സംസ്ഥനത്ത് സമാധാനന്തരീക്ഷത്തിനും മതസൗഹാര്‍ദ്ദത്തിനും എതിരെയുള്ള എതൊരു നീക്കത്തേയും ശക്തമായി നേരിടണമെന്ന് സംസ്ഥാന പോലീസ് മേധാവി നിര്‍ദ്ദേശിച്ചു. സംസ്ഥാനത്തെ ക്രമസമാധാനനിലയും പോലീസ് പ്രവര്‍ത്തനങ്ങളും വിലയിരുത്തുന്നതിന് ചേര്‍ന്ന ഉന്നത ഉദ്യോഗസ്ഥരുടെ വീഡിയോ കോണ്‍ഫറന്‍സിലാണ് പോലീസ് മേധാവി ഈ നിര്‍ദ്ദേശം നല്കിയത്. സോഷ്യല്‍ മീഡിയ ഉള്‍പ്പെടെയുള്ളവ ഇക്കാര്യത്തില്‍ ദുരുപയോഗം ചെയ്യുന്നത് തടയാന്‍ സംസ്ഥാനതലത്തില്‍ നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ജില്ലാതലങ്ങളിലും ഇതിനുള്ള നടപടിയുണ്ടാകണം.

ജനങ്ങളോടുള്ള മോശം പെരുമാറ്റവും മൂന്നാംമുറയും കര്‍ശനമായി തടയണം. ഭൂരിപക്ഷം പോലീസ് ഉദ്യോഗസ്ഥരും നല്ല രീതിയില്‍ പ്രവര്‍ത്തിക്കുന്നവരാണ്. എന്നാല്‍ ഏതാനും പേരുടെ മോശം പെരുമാറ്റവും ഇടപെടലുകളും പോലീസ് ചെയ്യുന്ന നല്ല കാര്യങ്ങളുടെ ശോഭ കെടുത്തുന്നതിന് കാരണമാകുന്നു. മോശം പെരുമാറ്റം കണ്ടാല്‍ കര്‍ശന നടപടികള്‍ സ്വീകരിക്കണം. മാതൃകാപരമായി പെരുമാറുന്നവര്‍ക്ക് അംഗീകാരവും പ്രോത്സാഹനവും നല്കാനും സംസ്ഥാന പോലീസ് മേധാവി നിര്‍ദ്ദേശിച്ചു.

കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് അറസ്റ്റ് നടത്തുന്നത് സുപ്രീംകോടതി നിര്‍ദ്ദേശങ്ങള്‍ പൂര്‍ണമായി പാലിച്ചായിരിക്കണം. കസ്റ്റഡിയിലെടുക്കുന്നവരുടെ അസുഖങ്ങള്‍, സ്ഥിരമായി കഴിക്കുന്ന മരുന്നുകള്‍ എന്നിവ ചോദിച്ചറിയണം.

കാലാകാലങ്ങളില്‍ നിര്‍ദ്ദേശിക്കുന്ന ഉത്തരവുകളും, സര്‍ക്കുലറുകളും താഴെത്തലങ്ങള്‍ വരെ എത്തുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് സ്റ്റേഷന്‍ ഹൗസ് ഓഫീസര്‍മാര്‍ പോലീസുദ്യോഗസ്ഥരുമായി പ്രതിമാസ മീറ്റിങ്ങുകള്‍

The contents of this document may be deemed to be based on received information which is subject to further verification

സംഘടിപ്പിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. സന്ദർശകരെ സ്വീകരിച്ച് കൃത്യമായ നിർദ്ദേശം നല്കുന്നതിന് സ്റ്റേഷനുകളിൽ ആരംഭിച്ച പി.ആർ.ഒ. സംവിധാനം ശക്തമാക്കണമെന്നും നിർദ്ദേശിച്ചു.

പായ്ക്ക് ചെയ്ത ഭക്ഷ്യവസ്തുക്കൾ കാലാവധി കഴിഞ്ഞും വിൽക്കുന്നത് സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതു തടയുന്നതിന് പരിശോധന കർശനമാക്കണം.

ബ്ലെയിഡ് മാഫിയക്കെതിരെയും ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുമുള്ള നടപടികൾ യോഗം വിലയിരുത്തി. ഇവ കൂടുതൽ ശക്തിപ്പെടുത്തണം. ചില ജില്ലകളിൽ ട്രാഫിക് അപകടങ്ങൾ വർദ്ധിക്കുന്നതായി കാണുന്നു. അപകടങ്ങൾ കുറയ്ക്കാൻ നിയമനടപടികളും പരിശോധനകളും കാര്യക്ഷമമാക്കണം. പരിശോധനാവേളയിൽ ജനങ്ങളോട് മാന്യമായ പെരുമാറ്റം ഉറപ്പാക്കണം.

സംസ്ഥാനത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നേതൃശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുമെന്നും 100 സ്റ്റേഷനുകൾ ആധുനിക സാങ്കേതിക സംവിധാനങ്ങളോടെ സ്മാർട്ട് സ്റ്റേഷനുകളാക്കുമെന്നും സംസ്ഥാന പോലീസ് മേധാവി യോഗത്തിൽ അറിയിച്ചു.

ഡി.ജി.പി. എൻ ശങ്കർ റെഡ്ഡി, എ.ഡി.ജി.പി മാരായ ഡോ. ബി.സന്ധ്യ, അനിൽകാന്ത്, റ്റി.കെ.വിനോദ് കുമാർ, ഐ.ജിമാരായ മനോജ് എബ്രഹാം, എം.ആർ അജിത് കുമാർ, ബൽറാം കുമാർ ഉപാദ്ധ്യായ, വിജയ് എസ് സാക്കറേ, പി.വിജയൻ, ഡി.ഐ.ജിമാരായ കെ ഷെഫീൻ അഹമ്മദ്, കെ.സേതുരാമൻ, ജില്ലാ പോലീസ് മേധാവിമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

*********

**ഫോട്ടോ ക്യാപ്ഷൻ** : പോലീസ് ആസ്ഥാനത്തു നടന്ന വീഡിയോ കോൺഫറൻസിൽ സംസ്ഥാന പോലീസ് മേധാവി സംസാരിക്കുന്നു.

***********